വനം നശീകരണം എന്നിവ തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വനാതിർത്തികൾ അടയാളപ്പെടുത്തി സ്ഥിരം ജണ്ടകളും കയ്യാല കളും നിർമ്മിച്ചുവരുന്നു.

2. വനം വകുപ്പ് സംരക്ഷണവിഭാഗം ഉദ്യോഗസ്ഥൻമാർക്ക് കൂടുതൽ വാഹനം; വയർലസ് സെറ്റുകൾ, ആയുധം തുടങ്ങിയവ നൽകിവരുന്നു.

3. കുറ്റവാളികൾക്ക് കഠിനശിക്ഷ ഉറപ്പുവരുത്തുവാൻ കേരള വനം നിയ മത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 1993-ലെ വനനിയമ ഭേദഗതി അനുസരിച്ച് ശിക്ഷിക്കപ്പെട്ടാൽ കുറഞ്ഞ ശിക്ഷ ഒരു വർഷമായും പരമാവധി അഞ്ചുവർഷ മായും, കുറഞ്ഞ പിഴ 1000 രൂപ ആയും പരമാവധി 5000 രൂപയായും വർദ്ധിപ്പി ച്ചിട്ടുണ്ട്.

4. വനം സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ഇതിനകം 88 ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. 25 സ്റ്റേഷനുകൾകൂടി സ്ഥാപിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി ആന്റ് ഇ) 7.1.1987-ലെ ജി.ഒ.എം.എസ്.1/87/എഫ് ആന്റ് ഡബ്ല്യു. എൽ.ഡി. സർക്കാർ ഉത്തരവ് മുഖേന സർക്കാർ സംസ്ഥാന വനനയം രൂപീക രിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ വനാതിർത്തി അടയാളപ്പെടുത്തുന്നത്, സ്ഥിരം ജ ണ്ട നിർമ്മാണം എന്നിവയ്ക്ക് മുൻതൂക്കം നൽകി പൂർത്തീകരിക്കണമെന്ന് നയപരമായ തീരുമാനം ഉണ്ട്. അതനുസരിച്ച് വനാതിർത്തികൾ ഭദ്രമാക്കുന്ന ജോലികൾ നടന്നുവരുന്നു.

അനധികൃത മരം വെട്ട്

47 (320)<u>ശ്രീ. എഴുകോൺ നാരായണൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വനഭൂമിയിൽ നിന്നും അനധികൃത മരംവെട്ട് സംബന്ധിച്ച് എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട്;

(ബി) എന്തുവിലയ്ക്കുള്ള മരം ഇപ്രകാരം വെട്ടിയിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്;

(സി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വന സംബന്ധ മായ 11098 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) രജിസ്റ്റർ ചെയ്ത കേസ്സുകളിലെല്ലാം കൂടിയുള്ള മഹസ്സർ നഷ്ടം 299 ലക്ഷം രൂപയാണ്.

(സി) 8004 കേസ്സുകൾ നിലവിലുണ്ട്. 3094 കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly